13. കണ്ടംത്തറ

14. ഓണംവേലി

15. വൈകിമല

16. പെരുമാനി

എം. ഐ. പ്രവൃത്തികൾ, കുവപ്പടി പഞ്ചായത്തിൽ വാച്ചാൽപാടം തോടിന്റെ സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ഫാം ബണ്ടിന്റെ നിർമ്മാണവും.

(ബി) അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം ഉപയോഗശൂന്യമായ പദ്ധതികൾ ഒന്നുതന്നെയില്ല. ഇവയിൽ എടവൂർകര എൽ. ഐ.യും ഓണംവേലി എൽ.ഐ.യും മോട്ടോറിന്റെ റീ-വൈൻഡിംഗ് നടത്താത്തതുമൂലം തല്ക്കാലം പ്രവൃത്തിക്കുന്നില്ല.

(സി) മുടങ്ങിക്കിടക്കുന്ന പ്രസ്തുത രണ്ടു പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തുവാനുള്ള നടപടികൾ ധൃതഗതിയിൽ സ്വീകരിച്ചു വരുന്നു.

വാച്ചാൽ പാടം റോഡ് നിർമ്മാണം

41 (4648) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വാച്ചാൽ പാടം റോഡ് ഏത് പദ്ധതി പ്രകാരം നിർമ്മിച്ചിട്ടുള്ളതാണെന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത റോഡിന്റെ എസ്റ്റിമേറ്റ് തുക എത്രയാണ് ; എത്ര രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട് ;

(സി) ഇതേ റോഡിൽ തുടർന്ന് എന്തെങ്കിലും നിർമ്മാണ ജോലികൾ നടത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

ഉത്തരം

(എ) പെരുമ്പാവൂർ നിയോജകമണ്ഡലത്തിലെ വാച്ചാൽ പാടം റോഡ് എം. ഐ. ക്ലാസ് 1 പദ്ധതിപ്രകാരം നിർമ്മിച്ചിട്ടുള്ളതാണ്.

(ബി) എസ്റ്റിമേറ്റ് തുക 15 ലക്ഷം. ചെലവായത് 23,52,622 രൂപ

(സി) ഈ റോഡിന്റെ തുടർ നിർമ്മാണം നടത്താനുള്ള എസ്റ്റിമേറ്റ് എം. ഐ. ക്ലാസ് 1 സ്കീമിൽ ഉൾപ്പെടുത്താമെന്ന ഉദ്ദേശ്യത്തോടെ തയ്യാറാക്കി കൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly